

## എഡിറ്റോറിയൽ

# മരിച്ചവരെ മറക്കരുത്

"നമുക്കു അവരെ സഹായിക്കുകയും അവരുടെ ഓർമ്മ ആചരിക്കുകയും ചെയ്യാം. ജോബിന്റെ പുത്രന്മാർ തങ്ങളുടെ പിതാവിന്റെ ബലിവഴി ശുദ്ധീകരിക്കപ്പെട്ടുവെങ്കിൽ, മരിച്ചവർക്കുവേണ്ടിയുള്ള നമ്മുടെ കാഴ്ചകൾ അവർക്കു അല്പം ആശ്വാസം നൽകുമെന്നതിൽ നാം എന്തിനു സംശയിക്കണം? മരിച്ചവരെ സഹായിക്കുന്നതിലും നമ്മുടെ പ്രാർത്ഥനകൾ അവർക്കായി സമർപ്പിക്കുന്നതിലും നാം ശങ്കിക്കരുത്." (വി. ജോൺ ക്രിസസ്റ്റം )

സഭാപിതാവും മഹാവിശുദ്ധനുമായ വി. ക്രിസസ്റ്റമിന്റെ ദൈവിക ഉപദേശത്തിൽ രണ്ടു കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഒന്നാമത്തേത്, അവരുടെ ഓർമ്മ ആചരിക്കുക എന്നതും രണ്ടാമത്തേത്, അവരെ സഹായിക്കുക എന്നതും.

മരിച്ചവരുടെ ഓർമ്മ ആചരിക്കുക എന്നതിനർത്ഥം എന്താണ്? അത് അവരോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും കൃതജ്ഞതയുടെയും പ്രകാശനമാണ്. കൺമുമ്പിൽ നിന്നു മറഞ്ഞെങ്കിലും ഹൃദയത്തിലവർ ജീവിക്കുന്നു. "സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1കൊറി. 13:8). മരിച്ചവർ നമ്മുടെ സ്നേഹത്തിനർഹരാണ്. കാരണം, ദൈവപരിപാലനയിൽ അവർ നമ്മുടെ സ്വന്തമാണ്. നമ്മെ സ്നേഹിച്ചവരാണവർ, അവരെ നാം സ്നേഹിക്കുക എന്നത് നീതിയാണ്.

മരിച്ചവരെ ആദരിക്കേണ്ടതുണ്ട്. അവർ ദൈവത്തിനു വിലപ്പെട്ടവരാണ്. "ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുന്നവർ പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടവരല്ലെങ്കിലും നിത്യരക്ഷയുടെ ഉറപ്പു നേടിയവരാണ്. എന്നാൽ, സ്വർഗ്ഗീയാനന്ദത്തിലേക്കു പ്രവേശിക്കുവാൻ ആവശ്യമായ വിശുദ്ധി നേടുന്നതിനുവേണ്ടി അവർ മരണാനന്തരം ശുദ്ധീകരണത്തിനു വിധേയരായിത്തീരുന്നു (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 1030)

സ്വർഗ്ഗീയാനന്ദത്തിലേക്കു പ്രവേശിക്കാനുള്ള ശുദ്ധീകരണപ്രക്രിയയിലായിരിക്കുന്ന മൃതർ നമ്മുടെ  സഹായത്തിന് ഏറ്റം അർഹരാണ്. പരമാനന്ദമായ ദൈവത്തിലെത്തിച്ചേരാത്തതിന്റെ അപാര വേദനയിലാണവർ. അവർക്കാകട്ടെ സ്വന്തം പരിശ്രമത്താൽ ദൈവകൃപ നേടാനാവുകയുമില്ല. ഇവിടെയാണ് നമ്മുടെ സഹായം അവർക്ക് എത്ര നിർണ്ണായകമാണെന്നു ജീവിച്ചിരിക്കുന്ന നമുക്ക് ബോധ്യമാകേണ്ടത്. ജീവിതകാലംമുഴുവൻ നമ്മെ സ്നേഹിച്ചവരും സഹായിച്ചവരുമായ മൃതർ നമ്മുടെ സഹായത്തിനായി കാതോർത്തു കഴിയുകയാണ്. നമ്മുടെ സഹായം അവരെ സംബന്ധിച്ച് അങ്ങേയറ്റം വിലപ്പെട്ടതാണ്.

മരിച്ചവരെ സഹായിക്കേണ്ടത് പ്രധാനമായും ദിവ്യബലിയർപ്പിച്ചുകൊണ്ടാണ്. കാരണം മനുഷ്യപാപത്തിന് തികയുന്ന പരിഹാരം യേശുവിന്റെ കാൽവരിബലിയാണല്ലോ. "മരിച്ചവർക്കുവേണ്ടിയുള്ള ധർമ്മദാനം, ദണ്ഡവിമോചനകർമ്മങ്ങൾ, പ്രായശ്ചിത്തപ്രവൃത്തികൾ എന്നിവയും സഭ പ്രോത്സാഹിപ്പിക്കുന്നു"(മതബോധനഗ്രന്ഥം, 1032).

മരിച്ചവർക്കുവേണ്ടി എത്രകാലം പ്രാർത്ഥിക്കണം എന്ന ചോദ്യം പ്രസക്തമാണ്. അവരുടെ ശുദ്ധീകരണകാലം എന്നാണ് കഴിയുന്നതെന്നകാര്യം ദൈവത്തിനു മാത്രം അറിയാവുന്ന ഒന്നാണ്. സമയപരിധി വയ്ക്കാതെ അവർക്കായുള്ള സഹായം നാം തുടരണം. കാരണം സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1കോറി. 13:8)

സ്നേഹത്തോടെ,
**ഉപ്പാണിയച്ചൻ.**